# HAND BOOK ON

# OPD REGISTRATION

## NextGen e-Hospital

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | OP Registration using ABHA | 2 |
| 2 | ABHA Creation & OP Registration | 10 |
| 3 | OP Registration using Scan & Share | 12 |
| 4 | Manual OPD Registration | 15 |
| 5 | Revisit Registration | 16 |
| 6 | Casualty OP Registration | 17 |
| 7 | Update Registration | 19 |
| 8 | Reports | 20 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ I T ]

Indian Systems of Medicine

# OPD REGISTRATION IN NEXTGEN E-HOSPITAL

NextGen E-Hospital ൽ ഓ.പി. യിൽ എത്തുന്ന രോഗികൾക്ക് രജിസ്ട്രേഷൻ നടത്തി, ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യുന്നത് OPD Registration എന്ന മോഡ്യൂൾ വഴിയാണ്. **ABHA നമ്പർ ഉപയോഗിച്ച് നേരിട്ടോ, ABHA നമ്പർ ആധാരമാക്കിയുള്ള സ്കാൻ & ഷെയർ മുഖേനയോ മാത്രമാണ് ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത്.** മാന്വലായി ചെയ്യുന്ന ഓ.പി. രജിസ്ട്രേഷൻ പരമാവധി കുറയ്ക്കേണ്ടതാണ്. **ABHA നമ്പർ ഉപയോഗിച്ചുള്ള രജിസ്ട്രേഷനിൽ മാത്രമേ ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ അനുശാസിക്കുന്ന ഡിജിറ്റൽ ഹെൽത്ത് റെക്കോർഡ് ലിങ്കിംഗ് സാധ്യമാവുകയുള്ളൂ.**


NextGen E-Hospital ൽ ലോഗിൻ ചെയ്തശേഷം OPD Registration എന്ന മോഡ്യൂളിൽ ക്ലിക്ക് ചെയ്താൽ default ആയി Patient Registration Desk ലെ New Registration എന്ന ഓ.പി. രജിസ്ട്രേഷൻ പേജ് ഓപ്പണാകുന്നതാണ്.




## OP REGISTRATION

സർക്കാർ നിർദ്ദേശം അനുസരിച്ച്, ABHA നമ്പർ ഉപയോഗിച്ചാണ് ഇപ്പോൾ ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത്. ABHA നമ്പർ ഇല്ലാത്ത രോഗികൾക്ക് NextGen E-Hospital വഴി ABHA നമ്പർ ജനറേറ്റ് ചെയ്ത്, ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്. പൊതുജനങ്ങൾക്ക് അവരുടെ ഡിജിറ്റൽ ഹെൽത്ത് റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ABHA വഴിയുള്ള രജിസ്ട്രേഷൻ നടത്തേണ്ടതുണ്ട്.

ഓ.പി. രജിസ്ട്രേഷൻ പേജിൽ ആദ്യം ഓപ്പണാകുന്നത് താഴെ കാണുന്ന ABDM വിൻഡോ ആണ്. ABHA നമ്പർ ഉള്ള രോഗികൾക്കും, സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവർക്കും ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത് ഈ വിൻഡോ വഴിയാണ്.




ABHA നമ്പർ ഉപയോഗിച്ചുള്ള രജിസ്ട്രേഷൻ താഴെ പറയുന്ന 3 വിധത്തിൽ ചെയ്യാവുന്നതാണ്.

1. OP Registration using ABHA
2. ABHA Creation & OP Registration
3. OP Registration through Scan & Share [Shared Profile ]

## O.P. REGISTRATION USING ABHA:


ABHA നമ്പർ / അഡ്രസ്സ് അറിയാവുന്ന രോഗികൾക്ക് ഈ ഓപ്ഷൻ വഴിയാണ് ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടുന്നത്. ഈ ഓപ്ഷൻ വഴി ഓ.പി. രജിസ്ട്രേഷൻ ചെയ്യുന്നതിനായി രോഗിയുടെ ഫോണിൽ വരുന്ന മൊബൈൽ OTP ആവശ്യമാണ്. ഇപ്രകാരം ABHA നമ്പർ ഉപയോഗിച്ച് നടത്തുന്ന രജിസ്ട്രേഷനിൽ ആധാർ ഡേറ്റാബേസിലുള്ള വിവരങ്ങളാണ് നൽകപ്പെടുന്നത് എന്നതിനാൽ, രോഗിയുടെ വിവരങ്ങൾ കൃത്യമായിരിക്കും. മാന്വലായി വിവരങ്ങൾ എന്റർ ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന മിസ്റ്റേക്കുകൾ ABHA നമ്പർ ഉപയോഗിച്ചുള്ള രജിസ്ട്രേഷനിലും സ്കാൻ & ഷെയർ രജിസ്ട്രേഷനിലും ഉണ്ടാവുകയില്ല.

ABHA നമ്പർ ഉപയോഗിച്ച് ഓ.പി. ടിക്കറ്റ് എടുക്കുന്നതിനായി Patient Registration Desk ലെ New Registration എന്ന ഓപ്ഷൻ എടുക്കുക. ABDM ന്റെ വിൻഡോ ഓപ്പണാകുന്നതാണ്. ഈ വിൻഡോ വഴിയാണ് ABHA നമ്പർ ഉപയോഗിച്ചുള്ള ഓ.പി. രജിസ്ട്രേഷൻ ചെയ്യേണ്ടത്.


അതിൽ default ആയി Patient have ABHA എന്ന ഓപ്ഷൻ സെലക്ഷൻ ആയി കിടക്കുന്നുണ്ടാവും. ഇതിനുതാഴെ Search Patient By എന്ന കോളത്തിൽ 4 ഓപ്ഷനുകൾ കാണാവുന്നതാണ്. ABHA നമ്പർ ഉള്ള രോഗികൾക്ക് ABHA Address, ABHA Number, Mobile Number, Aadhaar എന്നിങ്ങനെയുള്ള 4 ഓപ്ഷനുകളിൽ ഏതെങ്കിലും നൽകി ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## Search Patient By ABHA Address:

Search Patient By എന്ന ഭാഗത്ത് ABHA Address സെലക്ട് ചെയ്യുക. ABHA Address എന്ന കോളത്തിൽ ABHA Address നൽകിയശേഷം താഴെയുള്ള Verify **ABHA** ബട്ടണിൽ ക്ലിക്ക് ചെയ്യുക.





ABHA വെരിഫിക്കേഷനായി Verify ABHA Via Mobile OTP, Verify ABHA Via Aadhaar OTP എന്നീ 2 ഓപ്ഷനുകൾ ഓപ്പണാകുന്നതാണ്. ഏത് ഓപ്ഷൻ വേണമെങ്കിലും സെലക്ട് ചെയ്യാവുന്നതാണ്.



തുടർന്ന്, രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ വരുന്ന Mobile OTP/Aadhaar OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള **Verify Mobile/Aadhaar OTP** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




നമ്മൾ നൽകുന്ന OTP കൃത്യമാണെങ്കിൽ, Patient Details എന്ന രജിസ്ട്രേഷൻ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും ഡേറ്റാബേസിൽ നിന്നും തനിയെത്തന്നെ ഫിൽ ആവുന്നതാണ്. മാന്വലായി രോഗിയുടെ വിവരങ്ങൾ എന്റർ ചെയ്യേണ്ടതില്ല. Mobile Number, Title, First Name, Gender, Age, Address, State, District, Billing Type തുടങ്ങിയ വിവരങ്ങൾ തനിയെതന്നെ സെലക്ഷൻ ആയിട്ടുണ്ടാവും.





രോഗിയുടെ ABHA നമ്പറിലുള്ള വിവരങ്ങൾ, അയാളുടെ സമ്മതത്താൽ മാത്രമേ ആശുപത്രിയുടെ സോഫ്റ്റ്‌വെയറിലേക്ക് ഷെയർ ചെയ്യാൻ കഴിയൂ എന്നതിനാലാണ് ഓ.ടി.പി. മുഖേനയുള്ള സമ്മതം ആവശ്യപ്പെടുന്നത്.

തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് Department, Clinic, വിസിറ്റ് ചെയ്യേണ്ടുന്ന ഡോക്ടറുടെ പേര് എന്നിവ സെലക്ട് ചെയ്തശേഷം താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ഇതോടെ ഓ.പി. ടിക്കറ്റിന്റെ PDF ജനറേറ്റ് ആവുന്നതാണ്. ഈ പേജിലുള്ള **Print** ഓപ്ഷൻ ഉപയോഗിച്ച്, ഓ.പി. ടിക്കറ്റിന്റെ പ്രിന്റ് എടുക്കാവുന്നതാണ്.




## Search Patient By ABHA Number:

Search Patient By എന്ന ഭാഗത്ത് ABHA Number സെലക്റ്റ് ചെയ്യുക. ABHA Number എന്ന കോളത്തിൽ ABHA Number നൽകിയശേഷം താഴെയുള്ള Verify ABHA Number ബട്ടണിൽ ക്ലിക്ക് ചെയ്യുക.





ABHA വെരിഫിക്കേഷനായി Verify ABHA Number Via Mobile OTP, Verify ABHA Number Via Aadhaar OTP എന്നീ 2 ഓപ്ഷനുകൾ ഓപ്പണാകുന്നതാണ്. ഏത് ഓപ്ഷൻ വേണമെങ്കിലും സെലക്റ്റ് ചെയ്യാവുന്നതാണ്.





തുടർന്ന്, രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ വരുന്ന Mobile OTP/Aadhaar OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള Verify Mobile/Aadhaar OTP ബട്ടണിൽ ക്ലിക്ക് ചെയ്യുക. നമ്മൾ നൽകുന്ന OTP കൃത്യമാണെങ്കിൽ, Patient Details എന്ന രജിസ്ട്രേഷൻ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും ഡേറ്റാബേസിൽ നിന്നും തനിയെത്തന്നെ ഫിൽ ആവുന്നതാണ്. തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് Department, Clinic, വിസിറ്റ് ചെയ്യേണ്ടുന്ന ഡോക്ടറുടെ പേര് എന്നിവ സെലക്റ്റ് ചെയ്തശേഷം താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ആകുന്നതാണ്.

## Search Patient By Mobile Number:


**ABHA നമ്പർ ഉള്ള രോഗികൾക്ക്, ഓ.പി. യിൽ വരുമ്പോൾ ABHA നമ്പർ അറിയില്ലെങ്കിൽ, അവരുടെ മൊബൈൽ നമ്പർ ഉപയോഗിച്ച് ABHA വഴിയുള്ള ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.** അതിനായി, Search Patient By എന്ന ഭാഗത്ത് Mobile Number സെലക്റ്റ് ചെയ്യുക. Mobile Number എന്ന കോളത്തിൽ Mobile Number നൽകിയശേഷം താഴെയുള്ള Search ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ആ മൊബൈൽ നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ABHA നമ്പറുകളെല്ലാം ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. അതിൽ രോഗിയുടെ പേരിന് നേരെയുള്ള **Index No** ൽ ക്ലിക്ക് ചെയ്യുക.





തുടർന്ന്, രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ വരുന്ന Mobile OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള **Verify OTP** ബട്ടണിൽ ക്ലിക്ക് ചെയ്യുക. നമ്മൾ നൽകുന്ന OTP കൃത്യമാണെങ്കിൽ, Patient Details എന്ന രജിസ്ട്രേഷൻ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും ഡേറ്റാബേസിൽ നിന്നും തനിയെത്തന്നെ ഫിൽ ആവുന്നതാണ്.




തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് Department, Clinic, വിസിറ്റ് ചെയ്യേണ്ടുന്ന ഡോക്ടറുടെ പേര് എന്നിവ സെലക്ട് ചെയ്തശേഷം താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഒ.പി. ടിക്കറ്റ് ജനറേറ്റ് ആകുന്നതാണ്.

## Search Patient By Aadhaar:

ABHA നമ്പർ ഉള്ള രോഗികൾക്ക്, ഒ.പി. യിൽ വരുമ്പോൾ ABHA നമ്പർ അറിയില്ലെങ്കിൽ, അവരുടെ ആധാർ നമ്പർ ഉപയോഗിച്ച് ABHA വഴിയുള്ള ഒ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അതിനായി, Search Patient By എന്ന ഭാഗത്ത് Aadhaar സെലക്ട് ചെയ്യുക.



Aadhaar Number  എന്ന കോളത്തിൽ Aadhaar Number നൽകിയശേഷം താഴെയുള്ള Select All ബട്ടണിൽ ക്ലിക്ക് ചെയ്ത്, താഴെയുള്ള സർട്ടിഫിക്കറ്റുകൾ സെലക്റ്റ് ചെയ്യുക. തുടർന്ന്, താഴെയുള്ള **Get Aadhaar OTP** ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ വരുന്ന Aadhaar OTP നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള **Verify OTP** ബട്ടണിൽ ക്ലിക്ക് ചെയ്യുക.





നമ്മൾ നൽകുന്ന OTP കൃത്യമാണെങ്കിൽ, Patient Details എന്ന രജിസ്ട്രേഷൻ പേജിൽ രോഗിയുടെ മുഴുവൻ വിവരങ്ങളും Aadhaar ഡേറ്റാബേസിൽ നിന്നും തനിയെത്തന്നെ ഫിൽ ആവുന്നതാണ്. തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് Department, Clinic, വിസിറ്റ് ചെയ്യേണ്ടുന്ന ഡോക്ടറുടെ പേര് എന്നിവ സെലക്റ്റ് ചെയ്തശേഷം താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ആകുന്നതാണ്.

# ABHA CREATION AND OP REGISTRATION


ABHA നമ്പർ ഇല്ലാത്ത രോഗികൾക്ക് ABHA നമ്പർ ഇ – ഹോസ്പിറ്റലിന്റെ ഓ.പി. രജിസ്ട്രേഷൻ മോഡ്യൂൾ വഴി ക്രിയേറ്റ് ചെയ്തുനൽകാനും, അതുവഴി പിന്നീടുള്ള റീവിസിറ്റുകളിലെ രജിസ്ട്രേഷൻ എളുപ്പത്തിലാക്കാനും കഴിയുന്നതാണ്. ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നത് ഒരിക്കൽ മാത്രം ചെയ്യേണ്ടുന്ന കാര്യമാണ്. ഇപ്രകാരം ABHA നമ്പർ രോഗിയ്ക്ക് ക്രിയേറ്റ് ചെയ്തുനൽകിയാൽ, അവർക്ക് സ്കാൻ & ഷെയർ വഴി സെൽഫ് ഓ.പി. രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ഇ – ഹോസ്പിറ്റലിൽ ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നത് ഓ.പി. രജിസ്ട്രേഷൻ മോഡ്യൂളിലെ ABDM വിൻഡോ വഴിയാണ്. ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനോടൊപ്പം, അപ്പോൾ തന്നെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ്. പുതുതായി ഒരു രോഗിയ്ക്ക് ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനായി, ABDM വിൻഡോയിൽ **Patient want to create ABHA** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.





താഴെയായി Create ABHA By എന്ന ഓപ്ഷൻ കാണാവുന്നതാണ്. ഇതിൽ Aadhaar OTP, Mobile OTP, Demographic Authentication, Biometric Authentication എന്നിവയെല്ലാം ഉപയോഗിച്ച്, ABHA ക്രിയേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. നമുക്ക്, Aadhaar OTP എന്ന ഓപ്ഷൻ ഉപയോഗിച്ചാൽ മതിയാകുന്നതാണ്. Default ആയി അത് സെലക്റ്റ് ആയിട്ടുണ്ടാവും. തുടർന്ന്,


താഴെയുള്ള **Enter Aadhar No.** എന്ന കോളത്തിൽ രോഗിയുടെ ആധാർ നമ്പർ നൽകിയശേഷം, **Select All** ബട്ടണിൽ ക്ലിക്ക് ചെയ്ത് താഴെയുള്ള സർട്ടിഫിക്കറ്റുകളെല്ലാം സെലക്റ്റ് ചെയ്യുക. തുടർന്ന്, ഏറ്റവും താഴെയുള്ള **Get Aadhaar OTP** ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ, രോഗിയുടെ ആധാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ വരുന്ന ആധാർ OTP, നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്യുക.




അതിനുശേഷം, രോഗിയുടെ മൊബൈൽ നമ്പർ താഴെയുള്ള കോളത്തിൽ കൊടുക്കുക. ഇത് ആധാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറോ, മറ്റേതെങ്കിലും മൊബൈൽ നമ്പറോ നൽകാവുന്നതാണ്. ABHA യുടെ ഡേറ്റാബേസിൽ **നൽകുന്നതിനായി**, ഇപ്രകാരം പ്രത്യേകം മൊബൈൽ നമ്പർ നൽകാവുന്നതാണ്. തുടർന്ന്, Verify OTP ബട്ടണിൽ ക്ലിക്ക് ചെയ്ത് ആ മൊബൈൽ നമ്പറിൽ വരുന്ന OTP കൂടി നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്ത്, വെരിഫൈ ചെയ്യുന്നതോടെ ABHA ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.



തുടർന്ന്, ഈ പേജിലുള്ള **Proceed For Registration** ബട്ടണിൽ ക്ലിക്ക് ചെയ്താൽ, രോഗിയുടെ മുഴുവൻ വിവരങ്ങളും രജിസ്ട്രേഷൻ പേജിൽ അപ്ഡേറ്റ് ആകുന്നതാണ്. ABHA, ABHA Number എന്നീ കോളങ്ങളിൽ യഥാക്രമം ABHA അഡ്രസ്സും ABHA നമ്പറും കാണാവുന്നതാണ്.





തുടർന്ന്, Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ABHA നമ്പർ ക്രിയേഷൻ പൂർത്തിയാവുകയും, ABHA നമ്പർ അടക്കമുള്ള ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുകയും ചെയ്യുന്നതാണ്.





## O.P. REGISTRATION USING SCAN & SHARE

സ്കാൻ & ഷെയർ വഴി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ള രോഗികളുടെ ഓ.പി. രജിസ്ട്രേഷൻ ABDM വിൻഡോ വഴിയാണ് ചെയ്യുന്നത്. അവർ സ്കാൻ ചെയ്ത സമയത്ത് മൊബൈൽ ആപ്ലിക്കേഷനിൽ consent നല്കിയിട്ടുള്ളതിനാൽ, വീണ്ടും മൊബൈൽ വഴി വെരിഫിക്കേഷൻ


ആവശ്യമില്ല. ഏറ്റവും എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നത് സ്കാൻ & ഷെയർ വഴിയാണ്.




സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ ABDM വിൻഡോയിൽ Shared Profile എന്ന ഓപ്ഷനിൽ കിട്ടുന്നതാണ്. അതിനായി Shared Profile ൽ Facilitation Area, Counter എന്നിവ സെലക്റ്റ് ചെയ്യുക. Select Counter എന്ന കോളത്തിൽ Counter No. 1 [ഏത് കൗണ്ടറിലാണോ QR കോഡ് അസൈൻ ചെയ്തിരിക്കുന്നത്, ആ കൗണ്ടർ] സെലക്റ്റ് ചെയ്യുക.




തുടർന്ന് താഴെയായി Call Patient, Missing Queue, Patient List എന്നിങ്ങനെ 3 ഓപ്ഷനുകൾ വരുന്നതാണ്. അതിൽ **Call Patient** ൽ ക്ലിക്ക് ചെയ്യുക. QR കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ളവരുടെ പേരുവിവരങ്ങൾ മുൻഗണനാക്രമത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. അതിൽ രോഗിയുടെ പേരിന് നേരെയുള്ള Proceed ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ മുഴുവൻ വിവരങ്ങളും Patient Details എന്ന രജിസ്ട്രേഷൻ പേജിൽ തനിയെത്തന്നെ വരുന്നതാണ്.





തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്റ്റ് ചെയ്തശേഷം, താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.

Patient List എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ, അന്നേ ദിവസം സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ള എല്ലാ രോഗികളുടെയും ലിസ്റ്റ് കാണാവുന്നതാണ്.



ഇവിടെ നിന്നും നേരിട്ട് രോഗിയുടെ പേര് സെലക്ട് ചെയ്ത്, ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.




**New Patient Registration Using ABHA/ABHA Look-Up/ Referral**

| | | | |
|---|---|---|---|
| SREELEKSHMI VINAYAN | F | 20 | Select |
| C Manikuttan | M | 21 | Select |
| Remya Rajan | F | 22 | Select |
| Biju K | M | 23 | Select |
| Presanna Kumari Amma Balakrishna Pillai | F | 24 | Select |
| Pranav S D | M | 25 | Select |
| Shibi Siraj | F | 26 | Select |
| Gautham Easwar M | M | 27 | Select |

# MANUAL OPD REGISTRATION

ഭാരതീയ ചികിത്സാ വകുപ്പിൽ നെക്സ്റ്റ്ജെൻ ഇ - ഹോസ്പിറ്റൽ ഓ.പി. രജിസ്ട്രേഷനിൽ, ABHA നമ്പർ ഉപയോഗിച്ച് തന്നെ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ഏതെങ്കിലും കാരണവശാൽ, ആധാർ നമ്പർ കൈവശമില്ലാത്ത രോഗികൾക്ക്, താൽക്കാലികമായി അടുത്ത വിസിറ്റ് വരുന്നവരെ മാന്വലായി ഓ.പി. രജിസ്ട്രേഷൻ ചെയ്ത്, ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്തുനൽകാവുന്നതാണ്.

പുതുതായി എത്തുന്ന ഒരു രോഗിയുടെ രജിസ്ട്രേഷൻ മാന്വലായി ചെയ്യുന്നതിനായി, ഓ.പി. രജിസ്ട്രേഷൻ പേജിലെ ABDM വിൻഡോ ആദ്യം ക്ലോസ് ചെയ്യുക. അതിനുശേഷം, Patient Details എന്ന പേജിലെ അടിസ്ഥാനവിവരങ്ങൾ പൂരിപ്പിക്കുക. **Mobile Number, Title, First Name, Gender, Age, Address എന്നീ വിവരങ്ങൾ നിർബന്ധമായും ചേർക്കേണ്ടതാണ്.** State, District, Billing Type എന്നിവ തനിയെത്തന്നെ സെലക്ഷൻ ആയിട്ടുണ്ടാവും.





തുടർന്ന്, Visit Details എന്ന ഭാഗത്ത് കാണിക്കേണ്ട ഡിപ്പാർട്ട്മെന്റിന്റെയും ഡോക്ടറുടെയും പേരുകൾ സെലക്റ്റ് ചെയ്യേണ്ടതാണ്. Department, Clinic എന്നീ കോളങ്ങളിൽ ഡ്രോപ്ഡൗൺ മെനുവിൽ നിന്നും സെലക്ഷൻ ചെയ്തശേഷം, കാണിക്കേണ്ട ഡോക്ടറുടെയും പേര് സെലക്റ്റ് ചെയ്ത് , താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാവുന്നതും, ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുന്നതുമാണ്.


# REVISIT REGISTRATION

റീവിസിറ്റിനായി രോഗികൾ വരുമ്പോൾ **Patient Registration Desk** ലെ **New Registration** എന്ന ഓപ്ഷനിലെ **Search patient By** എന്ന മെനു ഉപയോഗിച്ചാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഈ മെനുവിലുള്ള ABHA Address, UHID, Mobile Number തുടങ്ങിയ വിവിധ ഓപ്ഷനുകൾ ഉപയോഗിച്ച് റീവിസിറ്റ് രജിസ്ട്രേഷൻ നടപടികൾ ചെയ്യാവുന്നതാണ്. പഴയ ഓ.പി. ടിക്കറ്റ് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ, ABHA Address, UHID എന്നീ വിവരങ്ങൾ അതിൽ നിന്നും അറിയാവുന്നതാണ്. നിർദ്ദിഷ്ട കോളത്തിൽ ABHA Address എന്റർ ചെയ്തശേഷം, വലതുവശത്തുള്ള **Search** ബട്ടണിൽ ക്ലിക്ക് ചെയ്യുക.

റീവിസിറ്റിലും ABHA നമ്പർ ഉപയോഗിച്ചാണ് രജിസ്ട്രേഷൻ ചെയ്യുന്നതെന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.





തുടർന്ന്, രോഗിയുടെ മുഴുവൻ വിവരങ്ങളും താഴെയായി തനിയെത്തന്നെ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. മുമ്പ് കാണിച്ചിരുന്ന ഡോക്ടറുടെ പേര് default ആയി ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. വേറെ ഡോക്ടറെ കാണണമെങ്കിൽ, താഴെയുള്ള കോളങ്ങളിൽ നിന്നും സെലക്ട് ചെയ്യാവുന്നതാണ്. ഇപ്രകാരം ഡോക്ടറുടെ പേര് സെലക്ട് ചെയ്തശേഷം, താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാവുന്നതും ഓ.പി. ടിക്കറ്റ് ജനറേറ്റ് ആകുന്നതുമാണ്.





# .CASUALTY OP REGISTRATION

Casualty യിൽ വരുന്ന രോഗികളുടെ രജിസ്ട്രേഷനും OPD Registration മോഡ്യൂൾ വഴിയാണ് ചെയ്യുന്നത്. അതിനായി OPD Registration മോഡ്യൂളിലെ Patient registration Desk എന്ന മെനുവിലെ Casualty / Emergency Registration എന്ന ഓപ്ഷനാണ് ഉപയോഗിക്കുന്നത്. **Casualty/Emergency Registration** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ Patient Casualty Information പേജ് ഓപ്പണാകുന്നതാണ്. ഇവിടെയും ABHA വഴിയുള്ള രജിസ്ട്രേഷന് മുൻഗണന നൽകേണ്ടതാണ്.




ഈ പേജിലെ Unknown, Brought By, Brought By Name, Brought Dead എന്നീ കോളങ്ങൾ കൃത്യമായി പൂരിപ്പിക്കുക. തുടർന്ന്, താഴെയുള്ള Patient Details എന്ന ഭാഗത്തെ വിവരങ്ങൾ സാധാരണ രജിസ്ട്രേഷൻ പോലെ പൂരിപ്പിക്കുക. അതിനുശേഷം, താഴെയുള്ള Visit Details എന്ന ഭാഗത്ത് Casualty എന്നത് സെലക്ട് ചെയ്തശേഷം ഡോക്ടറേയും സെലക്ട് ചെയ്ത്, **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ കാഷ്വാലിറ്റി രജിസ്ട്രേഷൻ പൂർത്തിയാവുകയും, ഓ.പി. ടിക്കറ്റ് ജനറേറ്റ് ആവുകയും ചെയ്യുന്നതാണ്.





കാഷ്വാലിറ്റി രജിസ്ട്രേഷൻ ചെയ്യണമെങ്കിൽ, അതിന്റെ കോൺഫിഗറേഷൻ നേരത്തെ ചെയ്തിരിക്കണം. അത് ഐ.ടി. ഡിവിഷനിൽ നിന്നും ചെയ്തുതരുന്നതാണ്. അല്ലെങ്കിൽ ചാർജ്ജ് മെഡിക്കൽ ഓഫീസറുടെ ലോഗിൻ വഴിയും ചെയ്യാവുന്നതാണ്. അതുപോലെ, സാധാരണ ഓ.പി. രജിസ്ട്രേഷൻ ചെയ്യുമ്പോൾ ഉള്ള UHID നമ്പറിന്റെ തുടർച്ചയായിരിക്കും കാഷ്വാലിറ്റി രജിസ്റ്റർ ചെയ്യുമ്പോൾ ജനറേറ്റ് ചെയ്യുന്ന UHID നമ്പർ.


# UPDATE REGISTRATION

ഓ.പി. രജിസ്ട്രേഷനായി ഒരിക്കൽ എന്റർ ചെയ്ത രോഗിയുടെ വിവരങ്ങൾ തെറ്റുണ്ടെങ്കിൽ എപ്പോൾ വേണമെങ്കിലും എഡിറ്റ് ചെയ്ത് അപ്ഡേറ്റ് ചെയ്യാവുന്നതാണ്. **ABHA വഴിയുള്ള ഓ.പി. രജിസ്ട്രേഷനിൽ, ആധാർ ഡേറ്റാബേസിൽ നിന്നുള്ള വിവരങ്ങളാണ് ലഭിക്കുന്നതെന്നതിനാൽ, തെറ്റുകൾ ഉണ്ടാവുകയില്ല. അഥവാ തെറ്റുണ്ടെങ്കിൽ, അത് ആധാറിലുള്ള തെറ്റായിരിക്കും. അത് അക്ഷയ സെന്റർ വഴി ആധാർ അപ്ഡേറ്റ് ചെയ്ത്, തിരുത്തേണ്ടിവരും.**

രോഗിയുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി Patient Registration Desk എന്ന മെനുവിലെ Update Registration എന്ന ഓപ്ഷൻ തെരഞ്ഞെടുക്കുക. തുടർന്ന് വരുന്ന പേജിലെ UHID എന്ന കോളത്തിൽ രോഗിയുടെ UHID നമ്പർ നൽകിയശേഷം താഴെയുള്ള Search ബട്ടണിൽ ക്ലിക്ക് ചെയ്യുക.




Patient Demographic details പേജ് എഡിറ്റ് ചെയ്യാവുന്ന വിധത്തിൽ ഓപ്പണാകുന്നതാണ്. അതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി, താഴെയുള്ള **Update** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ വിവരങ്ങൾ ഇ – ഹോസ്പിറ്റൽ ഡേറ്റാബേസിൽ അപ്ഡേറ്റ് ആവുന്നതാണ്.




ആയത് സംബന്ധിച്ച ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്.

# REPORTS

ഓ.പി. രജിസ്ട്രേഷൻ സംബന്ധിച്ച വിവിധ റിപ്പോർട്ടുകൾ OPD Registration മോഡ്യൂളിൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. അതിനായി OPD Registration മോഡ്യൂളിലെ Reports എന്ന മെനുവിലെ വിവിധ ഓപ്ഷനുകളിൽ ക്ലിക്ക് ചെയ്താൽ മതിയാവും. താഴെ കാണുന്ന റിപ്പോർട്ടുകളെല്ലാം Reports എന്ന മെനുവിൽ നിന്നും PDF രൂപത്തിൽ ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്.




Q.R. കോഡ് സ്കാനർ, ബാർ കോഡ് സ്കാനർ എന്നിവ ഉപയോഗിച്ചും നെക്സ്റ്റ്ജെൻ ഇ - ഹോസ്പിറ്റലിലെ Scanned Data ഓപ്ഷൻ വഴി എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.